
മാർച്ച് 2026 | വാല്യം 18 | ലക്കം 3

# നിർമ്മലമാതാ വോയ്സ്

ഇടവക ബുള്ളറ്റിൻ




നിർമ്മല മാതാ ചർച്ച്, മൂവാറ്റുപുഴ ഈസ്റ്റ് -686 661. Tel: 2832581
(കോതമംഗലം രൂപത, മൂവാറ്റുപുഴ ഫൊറോന)

(For Private Circulation only)

## സ്നേഹ സ്മരണയ്ക്ക് 06.03.2026


**8-ാം ചരമവാർഷികം**



# വി.എം. ആന്റണി
# വറങ്ങലക്കുടിയിൽ

## സ്നേഹ സ്മരണയ്ക്ക് 07.03.2026

**2-ാം ചരമവാർഷികം**



# ചാക്കോച്ചൻ
# കാക്കരുകുന്നേൽ

# നിർമ്മലമാതാ വോയ്സ്

NIRMALA MATHA VOICE ഇടവക ബുള്ളറ്റിൻ

www.nirmalamathachurch.org
nirmalamathachurch@gmail.com

മാർച്ച് 2026 വാല്യം – 18, ലക്കം – 3




## വികാരി

**റവ. ഫാ. ജോർജ്ജ് വടക്കേൽ**
Ph : 0485 2955604, 9447386002

## കൈക്കാരന്മാർ

**ജെയിംസ് ജോസഫ് വടക്കേൽ** Ph: 9446762595, 9447694762

**ജോൺസൺ വി.എം. വെണ്ടർമ്യാലിൽ** Ph:9387823744

## അൾത്താര ശുശ്രൂഷി

**ജിതിൻ ബേബി പുത്തൻകുടിയിൽ** Ph: 7736509669, 7025366065

## എഡിറ്റോറിയൽ ബോർഡ്

*മാനേജിംഗ് എഡിറ്റർ :*

**റവ. ഫാ. ജോർജ്ജ് വടക്കേൽ**

*ചീഫ് എഡിറ്റർ*

**ജെയിംസ് വടക്കേൽ** Ph: 9446762595, 9447694762, 6282312349
email: jamesvadakkel@gmail.com

*എക്സിക്യൂട്ടീവ് എഡിറ്റേഴ്സ്*

**എൻ. ജോയി വടക്കേക്കര** Ph: 9495125346

*സബ് എഡിറ്റേഴ്സ്*

**ആന്റണി പുത്തൻപുര പുല്ലൻ** Ph:9447867202

**ജോൺസൺ വെണ്ടർമ്യാലിൽ** Ph:9387823744

**പി.ജെ.തോമസ് പൂനാട്ട്** Ph: 9846468106

**ജോസഫ് പീച്ചാട്ട്** Ph: 9447329181

**ജോർജ്ജ് മെതിപ്പാറ** Ph: 9388497918

**റ്റോമി മാറാമറ്റം** Ph: 8921998492, 9497283513

**സ്റ്റാൻലി പ്ലാക്കീൽ** Ph: 9447578828

## സഹായകസമിതി

*വാർഡ് പ്രസിഡന്റുമാർ:* 1) **ജോർജ് പേമലതുണ്ടത്തിൽ** Ph: 8075990134 2) **ജോസ് കാരികുന്നേൽ** Ph: 9400470540. 3) **വർഗീസ് വാഴയിൽ** Ph: 9447579336, 4) **ജോസ് തലയ്ക്കൽ** Ph: 9447875131. 5) **എബിൻ നെടുങ്ങാലിൽ** Ph: 9947665997. 6) **പി. ജെ. തോമസ് പൂനാട്ട്** Ph: 9846468106 7) **ജോസഫ് പുത്തനങ്ങാടി** Ph: 9447997749. 8) **ബേബി പുത്തൻകുടിയിൽ** Ph: 8606189901. 9) **ഷാബു അരയത്തിനാൽ** Ph: 8891332995. 10) **വി. വി. ജോസ് വെളിയപ്പിള്ളിൽ** Ph: 9947404670.



**നിർമ്മലാംബികേ
ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കണമേ**

***പേജുകളിലൂടെ...***


**3** വികാരിയച്ചന്റെ സന്ദേശം

**6** വിശുദ്ധവാര തിരുക്കർമ്മങ്ങൾ

**7** പിശാചിന് ചെയ്യാൻ സാധിക്കാത്ത ഏക കാര്യം

**11** വിശുദ്ധരുടെ പാതയിലൂടെ

**13** ബൈബിൾ ക്വിസ്

**15** വാർഡ് വാർത്തകൾ

**18** ദേവാലയ വായനകൾ

**20** വി. ഗ്രന്ഥ വായനകൾ


**കവർ പേജ്:**

**വി. ബെഞ്ചമിൻ രക്തസാക്ഷി**

വികാരിയച്ചന്റെ സന്ദേശം



# ഉപവാസം, നോമ്പ്

എന്തിനീ ഉപവാസവും നോമ്പുമെല്ലാം. ദൈവം മനുഷ്യന് നൽകിയ നന്മകളല്ലേ ഭക്ഷണവും പാനീയവും? എന്തുകൊണ്ട് അവയെ ഉപേക്ഷിക്കണം? യുക്തിസഹമായ ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുക ആവശ്യമാണല്ലോ.

വളർന്ന തലമുറയിലും വളർന്നു വരുന്ന തലമുറയിലും അനേകായിരങ്ങൾ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മാരകമായ അടിമത്തത്തിൽപ്പെട്ട് നശിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഭക്ഷണ പാനീയങ്ങളുടെ ശരിയായ വിനിയോഗത്തെക്കുറിച്ച് പഠിക്കുക തികച്ചും അനിവാര്യമത്രേ.

ത്യാഗമൂർത്തിയായ ക്രിസ്തുവിന്റെ വത്സലഭാജനങ്ങളെന്നു വിളക്കപ്പെടുന്ന അർപ്പിതരുടെ ഇടയിൽപോലും ഉപവാസത്തിന്റെയും നോമ്പിന്റെയും അന്തഃസത്തയായ ആശാനിഗ്രഹം അവഗണിക്കുവാനുള്ള പ്രവണത പ്രബലപ്പെട്ടു വരുന്നതിനാൽ സ്വയം നിഗ്രഹത്തിന്റെ പ്രാധാന്യവും പ്രസക്തിയും പരിചിന്തന വിഷയമാക്കുക പ്രയോജനകരമെന്ന് കരുതുന്നു.

ജോയേൽ പ്രവാചകനിലൂടെ ദൈവം പറയുന്നു. “കർത്താവ് അരുളി ചെയ്യുന്നു. ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപത്തോടും നെടുവീർപ്പോടും കൂടി നിങ്ങൾ പൂർണ്ണ ഹൃദയത്തോടെ എന്റെ അടുക്കലേക്ക് തിരിച്ചു വരുവിൻ” (ജോയേൽ 2:12)

പാപം വഴി ദൈവത്തിൽ നിന്നും മുഖം തിരിച്ചുകളഞ്ഞ മനുഷ്യന് ദൈവത്തിലേക്ക് പൂർണ്ണ ഹൃദയത്തോടെ തിരിയുവാൻ ഉപവാസം സഹായകമാണ്. ലോകത്തിലെ അമിതമായ സുഖസന്തോഷങ്ങൾ നമ്മെ ദൈവത്തിൽ നിന്നും അകറ്റുവാൻ ഇടയാക്കുന്നുവെന്നത് അനുഭവ സത്യമല്ലേ ?. കുരിശിന്റെ വി.യോഹന്നാൻ ഇതേപ്പറ്റി പറയുന്നു. “ഒരാത്മാവ് ഏതെങ്കിലും സൃഷ്ടിയുമായി ഗാഢബന്ധം പാലിക്കയാണെങ്കിൽ അയാൾ ആ സൃഷ്ടിയെപ്പോലെ ആയിത്തീരും. ബന്ധം വർദ്ധിക്കുന്നതിനനുസരിച്ച് സാമ്യവും വർദ്ധിക്കുന്നു. ആകയാൽ ഒരു സൃഷ്ടിയെ സ്നേഹിക്കുന്നവൻ അതിന്റെ നിലയിലേക്കു ഇഴഞ്ഞിറങ്ങുന്നു. പോരാ അതിലും താഴുന്നു.” നോമ്പും ഉപവാസവും വഴി സാധിക്കുന്ന സ്വയം നിഗ്രഹം നമ്മുടെ ഹൃദയത്തെ ഈ തെറ്റായ അള്ളി പിടുത്തത്തിൽ നിന്ന് അടർത്തിയെടുക്കുന്നു.

ദൈവശിക്ഷക്കു അർഹമായിരുന്ന നിനിവെ നഗരനിവാസികൾ യോനാ പ്രവാചകന്റെ പ്രസംഗം ശ്രവിച്ച് ഉപവസിക്കുകയും തങ്ങളുടെ ദുർമാഗ്ഗങ്ങളിൽ നിന്ന് പിന്തിരിയുകയും ചെയ്തതുവഴി ശിക്ഷയിൽ നിന്ന് വിമോചിതരായത് ഉപവാസത്തിന്റെ ഫലസിദ്ധിയല്ലേ വ്യക്തമാക്കുക.

ലോകത്തിന്റെ സന്തോഷങ്ങളിൽ മുഴുകിപ്പോകുന്നവൻ തന്റെ കർത്തവ്യങ്ങൾ അവഗണിക്കും. ധനവാന്റെയും ലാസറിന്റെയും ഉപമയിൽ ധനവാൻ വലിയ ക്രൂരകൃത്യങ്ങൾ ഒന്നും ചെയ്തതായി നമ്മൾ വായിക്കുന്നില്ല. അയാൾ സുഖിച്ചും സന്തോഷത്തിലാടാറി ജീവിച്ചുവെന്നുമാത്രം. എന്നും വിഭവസമൃദ്ധമായ വിരുന്ന്, പട്ടുവസസ്ത്രങ്ങൾ, പട്ടുമെത്ത ആ സുഖസുഷപ്തിയിൽ തന്റെ പടിവാതിൽക്കൽ കിടന്ന് നരകിച്ചിരുന്ന ലാസറിനോടുള്ള കടപ്പാട് ഓർക്കാൻ പോലും അയാൾക്ക് കഴിഞ്ഞില്ല. ഇതുപോലെ ജീവിക്കുന്ന എത്രയോപേർ ഇന്നുമുണ്ട്. അവർ പാവങ്ങൾക്ക് ഒന്നും കൊടുക്കയില്ലെന്നു മാത്രമല്ല സ്വന്തം കുടുംബാംഗങ്ങളെ സംരക്ഷിക്കാൻപോലും ശ്രദ്ധിക്കുന്നില്ല. കിട്ടുന്ന പണമെല്ലാം മദ്യഷാപ്പിലും സിനിമാശാലയിലും ചൂതുകളിയിലും ആയി ധൂർത്തടിക്കുന്നു. ഇതെത്രയോ നിർഭാഗ്യകരമാണ്. ഇപ്രകാരമുള്ള ജീവിതം സുവിശേഷത്തിലെ ധനികന്റേതുപോലെ നിത്യ നാശത്തിൽ കലാശിക്കും. ആകയാൽ വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നു. "ജഡികമായി ജീവിക്കുന്നുവെങ്കിൽ നിങ്ങൾ മരിച്ചുപോകും. ജഡത്തിന്റെ പ്രവൃത്തികളെ ആത്മാവിനാൽ ഹനിക്കുന്നെങ്കിൽ നിങ്ങൾ ജീവിക്കും". (റോമാ 8:13) ഇതുകൊണ്ടാണ് തിരുസഭ ഉപവാസം മാംസവർജ്ജനം എന്നീ സ്വയനിഗ്രഹ പ്രവൃത്തികൾ ചെയ്യുവാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

മനുഷ്യപ്രകൃതിയെ സമ്പൂർണ്ണമായും അറിയുന്ന മനുഷ്യ വംശത്തിന്റെ സമുദ്ധാരകനായ ക്രിസ്തുനാഥന്റെ ജീവിതത്തിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കാം. ദാരിദ്ര്യവും ലാളിത്യവും ഊടുംപാവുമായിരുന്നു നസ്രത്തിലെ സുദീർഘമായ 30 വർഷത്തെ ഒരുക്കത്തിനുശേഷവും പരസ്യ ജീവിത്തിന് തൊട്ടുമുമ്പ് വീണ്ടും 40 ദിവസത്തെ ഉപവാസത്തിനും പ്രാർത്ഥനക്കും യേശു സന്നദ്ധനായി. സർവ്വ ശക്തനും സർവ്വവിജ്ഞാനി യുമായിരുന്നിട്ടും തന്റെ പ്രേഷിത പ്രവർത്തനത്തിന് ശക്തിയാർജ്ജിക്കാൻ ദിവ്യഗുരു ഉപവസിച്ചെങ്കിൽ ആ ഉപവാസം ബലഹീനരായ നമുക്ക് അത്യന്താപേക്ഷിതമല്ലോ അതിനാൽ കർത്താവ് ആഹ്വാനം ചെയ്യുന്നു "ആരെങ്കിലും എന്റെ പിന്നാലെ വരുന്നെങ്കിൽ അവൻ സ്വയം പരിത്യജിക്കട്ടെ." (ലൂക്ക 9:23)

ഭക്ഷണ പാനീയങ്ങളും കായിക വിനോദങ്ങളും ശാരീരികവും മാനസികവുമായ സുസ്ഥിതിക്ക് അനുപേക്ഷണീയമാണെങ്കിലും അവക്കെല്ലാം ചില നിയന്ത്രണങ്ങളും നിയമങ്ങളും അനിവാര്യമാണല്ലോ. അതുപോലെ മനുഷ്യജീവിതവും യഥാർത്ഥ വിജയത്തിലെത്തണമെങ്കിൽ ചില നിയന്ത്രണങ്ങൾ ആവശ്യമാണ്. വി.പൗലോസ് ശ്ലീഹ പറയുന്നു. "എല്ലാം എനിക്ക് പാടുണ്ട് എന്നാൽ ആർക്കും എന്നെ അടിമപ്പെടുത്തുവാൻ സാധിക്കയില്ല. ഭക്ഷണം ഉദരത്തിനുള്ളതാണ്. ഉദരം ഭക്ഷണത്തിനുള്ളതും എന്നാൽ ദൈവം ഇവ രണ്ടും നശിപ്പിക്കും." (1 കൊറി 6:12-13)

ആശാനിഗ്രഹമില്ലാതെ എല്ലാ ആഗ്രഹങ്ങളും ആസക്തികളും താലോലിക്കുന്ന ജീവിതം മനുഷ്യനെ എത്രമാത്രം അധഃപതിപ്പിക്കുവെന്നതിന് ചരിത്രത്തിലെ ചില അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. നൂറ്റാണ്ടുകൾക്കു മുമ്പ് നാഗരികതയുടെ നടുമുറ്റമെന്ന് നാമകരണം ചെയ്തിരുന്ന റോമ നഗരം നശിച്ച് നാമാവശേഷമായത് ചരിത്രമാണ്. റോമിലെ ചക്രവർത്തിയായിരുന്ന നീറോ റോമാനഗരം കത്തി ചാമ്പലായിക്കൊണ്ടിരിക്കുമ്പോൾ, അനേകായിരങ്ങൾ വെന്തുനീറിപുകയുമ്പോൾ വീണ വായിച്ചതായും നമ്മൾ കേട്ടിട്ടില്ലേ. നിയന്ത്രണമില്ലാത്ത സുഖാസ്വാദനം മനുഷ്യനെ എന്തുമാത്രം അധഃപതിപ്പിക്കുന്നുവെന്നതിന്റെ പ്രത്യക്ഷ തെളിവുകളാണിതെല്ലാം.

ഇതര മതവിഭാഗങ്ങളിൽപ്പെട്ട നമ്മുടെ സഹോദരങ്ങൾ ഉപവാസത്തിന് എന്തുമാത്രം പ്രാധാന്യം കല്പിക്കുന്നവെന്ന് നമുക്ക് അറിയാമല്ലോ. നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി ആഴ്ചതോറും ഒരു ദിവസം ഉപവസിച്ചിരുന്നു. അമ്പതുനോമ്പ്, ഇരുപത്തഞ്ചുനോമ്പ്, പതിനഞ്ച് നോമ്പ്, എട്ടുനോമ്പ്, മൂന്നു നോമ്പ് എന്നീ നോമ്പുകളുടെ ആചരണം നമ്മുടെ സഭയുടെ പുരാതനവും പവിത്രവുമായ പാരമ്പര്യമായിരുന്നു. എന്നാൽ ഇന്ന് അവ വെറും ചരിത്ര വസ്തുതകൾ പോലെ ആയിട്ടുണ്ട്. സുഖസൗകര്യങ്ങളുടെയും സുഖഭോഗങ്ങളുടെയും പുറകെ പരക്കം പായുന്ന ദുഷ്പ്രവണതയ്ക്ക് പ്രതിവിധിയായി പരമ്പരാഗതമായ നോമ്പിന്റെയും ഉപവാസത്തിന്റെയും ആചരണം പുനരുജ്ജീവിപ്പിക്കയല്ലേ വേണ്ടത്. ഉപവാസത്തിന്റെ ഫലമായുണ്ടാകുന്ന പണം നമ്മുടെ ദരിദ്ര സഹോദരർക്കു നൽകുക കൂടി ചെയ്താൽ അത് എത്രയോ അനുഗ്രഹ പ്രദമായിരിക്കും.

# വിശുദ്ധവാര തിരുക്കർമ്മങ്ങൾ

**2026 മാർച്ച് 27 : 40-ാം വെള്ളി**
(6.30 pm വാർഡുകളിൽ കുരിശിന്റെ വഴി)

**2026 മാർച്ച് 29 : ഓശാന ഞായർ**

5.30 am : വി.കുർബാന

6.30 am : ഓശാനയുടെ തിരുക്കർമ്മങ്ങൾ കുരുത്തോല വെഞ്ചരിപ്പ് പ്രദക്ഷിണം വി.കുർബാന

9.30 am : വി.കുർബാന

**2026 ഏപ്രിൽ 2 പെസഹാവ്യാഴം**

6.30 am : വി.കുർബാന, കാൽകഴുകൽ ശുശ്രൂഷ
വി.കുർബാന കഴിഞ്ഞാൽ 1 മണിക്കൂർ ആരാധന

**2026 ഏപ്രിൽ 3 ദുഃഖവെള്ളി**

6.30 am : പീഡാനുഭവ വെള്ളിയാഴ്ചത്തെ തിരുക്കർമ്മങ്ങൾ
പള്ളിയിലെ തിരുക്കർമ്മങ്ങൾക്കുശേഷം ആഘോഷമായ കുരിശിന്റെ വഴി നടത്തുന്നു.

**2026 ഏപ്രിൽ 4 വലിയശനി**

6.30 am : തിരുക്കർമ്മങ്ങൾ, വി.കുർബാന, വി.ജലം വെഞ്ചരിപ്പ്, മാമ്മോദിസാവ്രത നവീകരണം

**2026 ഏപ്രിൽ 5 ഉയിർപ്പ് ഞായർ**

4.00 am : ഉയിർപ്പിന്റെ തിരുക്കർമ്മങ്ങൾ, വി.കുർബാന

6.30 am : വി.കുർബാന

9.30 am : വി.കുർബാന

സ്നേഹപൂർവ്വം
നിങ്ങളുടെ വികാരി അച്ചൻ
ഫാ. ജോർജ്ജ് വടക്കേൽ

# പിശാചിന് ചെയ്യാൻ സാധിക്കാത്ത ഏകകാര്യം

## വലുതാകാൻ ആഗ്രഹിക്കുന്നവർ കടന്നുപോകേണ്ട വാതിൽ ഇതാണ്

എളിയെപ്പറ്റി എളിമയോടെ പഠിപ്പിച്ചിരുന്ന വിശുദ്ധ ജോൺ മരിയ വിയാനിയോട് ഒരിക്കൽ ആരോ ചോദിച്ചു:

' നന്നായി ജീവിക്കുവാൻ ഞാൻ എന്ത് ചെയ്യണം ' ?

' എന്റെ സ്നേഹിതാ, നിങ്ങൾ നല്ലവനായ ദൈവത്തെ സ്നേഹിക്കണം. '

' ദൈവത്തെ സ്നേഹിക്കാൻ ഞാനെന്താണ് ചെയ്യേണ്ടത് '?

"ഓ, എന്റെ സ്നേഹിതാ, എളിമ! അതെ, എളിമ മാത്രമാണ് താങ്കൾക്ക് വേണ്ടത്. പുണ്യവാന്മാരാകുന്നതിൽ നിന്നും നമ്മെ തടയുന്നത് അഹങ്കാരം മാത്രമാണ്. എല്ലാ നന്മകളെയും കോർത്തുകെട്ടുന്ന ചരടാണ് എളിമ. എന്നാൽ അഹങ്കാരമാകട്ടെ സകല തിന്മകളെയുമാണ് കോർത്തു കെട്ടുന്നത്."

എളിമയെപ്പറ്റി പഠിപ്പിക്കുമ്പോൾ വിശുദ്ധൻ കൂടെക്കൂടെ ഉദ്ധരിക്കുന്ന ഒരു കഥയുണ്ട്. ഒരിക്കൽ വിശുദ്ധ മക്കാറിയൂസിന്റെ മുന്നിൽ പിശാച് വലിയ രോഷത്തോടെ പ്രത്യക്ഷപ്പെട്ടു. അവന്റെ കൈയിൽ ഒരു ചാട്ടയും ഉണ്ടായിരുന്നു. പിശാച് അലറിക്കൊണ്ട് ഇപ്രകാരം പറഞ്ഞു.

നീ ചെയ്യുന്നതെല്ലാം ഞാനും ചെയ്യുന്നുണ്ട്. നീ ഉപവസിക്കുന്നു. ഞാനും ഒന്നും ഭക്ഷിക്കാറില്ല. നീ ഉറക്കമൊഴിച്ച് ഉണർന്നിരിക്കുന്നു. ഞാൻ ഉറങ്ങുന്നേയില്ല. എന്നാൽ എനിക്ക് ചെയ്യാനാകാത്ത ഒരു കാര്യം നീ ചെയ്യുന്നുണ്ട്. അവിടെയാണ് നീയെന്നെ പരാജയപ്പെടുത്തിക്കൊണ്ടിരിക്കുന്നത്."

"അതെന്താണ്" മക്കാറിയൂസ് ചോദിച്ചു.

"എളിമപ്പെടുക" അതെനിക്ക് ചെയ്യാനാകുന്നില്ല. ഇത് പറഞ്ഞിട്ട് പിശാച് മറഞ്ഞുപോയി.

വിശുദ്ധ വിയാനി ഓർമിപ്പിക്കുന്നത് ഇങ്ങനെയാണ്, "ദൈവത്തിന്റെ ദൃഷ്ടിയിൽ നാം എന്തായിരിക്കുന്നുവോ അതിൽ കൂടുതലായി നാം ഒന്നുമല്ല. നാം ഇല്ലായ്മയും ദൈവകൃപയില്ലെങ്കിൽ ഒന്നും ചെയ്യാൻ കഴിവില്ലാത്തവരും ആണെന്നുള്ളത് സ്പഷ്ടമല്ലേ."

1786 മെയ് എട്ടാം തിയതി ഫ്രാൻസിലെ ലിയോൺസിനടുത്തുള്ള ഡാർഡില്ലിയിലാണ് വിശുദ്ധ ജോൺ ബാപ്റ്റിസ്റ്റ് മരിയ വിയാനി ജനിച്ചത്. മാത്യു വിയാനിയുടെയും മരിയ വിയാനിയുടെയും ആറുമക്കളിൽ മൂന്നാമത്തേതായിരുന്നു

ജോൺ വിയാനി. ഫ്രഞ്ച് വിപ്ലവത്തിന്റെ ഫലമായി സഭയും പുരോഹിതരും ക്രൂരമായി പീഡിപ്പിക്കപ്പെട്ടിരുന്ന ആ കാലത്ത് ഒളിസങ്കേതങ്ങളിലായിരുന്നു വിശുദ്ധ ബലിയർപ്പിച്ചിരുന്നത്. ജോൺ മരിയ വിയാനിയുടെ മാമോദീസായും ആദ്യകുർബാനസ്വീകരണവുമെല്ലാം വീടിനുള്ളിൽ രഹസ്യമായാണ് നിർവഹിക്കപ്പെടത് ഫ്രഞ്ച് വിപ്ലവം വിദ്യാഭ്യാസരംഗത്തെയും തകർത്തുകളഞ്ഞതിനാൽ ഔപചാരികമായ വിദ്യാഭ്യാസം നേടുവാനും അദ്ദേഹത്തിന് സാധിച്ചില്ല. മൂത്ത സഹോദരിയാണ് എഴുതുവാനും വായിക്കുവാനും അത്യാവശ്യംവേണ്ട കണക്കുകളും പഠിപ്പിച്ചത്. പിന്നീട് പത്തൊമ്പതാമത്തെ വയസിൽ വൈദിക പരിശീലനത്തിനായി അയക്കപ്പെട്ടപ്പോൾ പഠനം അദ്ദേഹത്തിന് ഒരു പ്രശ്നമായിത്തീർന്നു. ക്ലാസിലെ ഈ 'മരമണ്ടൻ' സഹപാഠികളുടെയും ഗുരുക്കന്മാരുടെയും നിരന്തരമായ കളിയാക്കലുകൾക്ക് വിധേയനായി.

ക്ലാസിലെ ഏറ്റവും മിടുക്കനായ വിദ്യാർത്ഥിയായിരുന്നു മത്തിയാസ് ലോറൻസ്. പഠനകാര്യങ്ങളിൽ ജോൺ വിയാനിയെ സഹായിക്കുവാനായി നിയോഗിക്കപ്പെട്ട മത്തിയാസിന് ഒരിക്കൽ ക്ഷമ നശിച്ചു. എത്ര പറഞ്ഞുകൊടുത്തിട്ടും ഒന്നും മനസിലാകാതെയിരിക്കുന്ന ജോണിന്റെ ചെകിട്ടത്ത് എല്ലാവരും കാൺകെ മത്തിയാസ് ആഞ്ഞടിച്ചു. അപ്പോൾ 12 വയസുള്ള മത്തിയാസിന്റെ മുന്നിൽ വിയാനി മുട്ടുകുത്തിക്കൊണ്ട് തന്റെ കുറവുകൾക്ക് മാപ്പ് ചോദിക്കുകയാണ് ചെയ്തത്. വിയാനിയുടെ അഗാധമായ എളിമയും ക്ഷമയും കണ്ട മത്തിയാസിന്റെ കരളലിഞ്ഞു. ജോൺ വിയാനിയെ കെട്ടിപ്പിടിച്ചുകൊണ്ട് പശ്ചാത്താപത്തോടെ മത്തിയാസ് കരഞ്ഞു. അതൊരു പുതിയ സുഹൃദ്ബന്ധത്തിന്റെ ആരംഭംകുറിച്ചു. പിൽക്കാലത്ത് അമേരിക്കയിലേക്ക് മിഷനറിയായിപ്പോയ മത്തിയാസ് ലോറൻസ്, ഡ്യൂബക്ക് രൂപതയുടെ മെത്രാനായിത്തീർന്നു.

വിയാനിയുടെ കഴിവില്ലായ്മ തന്നെയായിരുന്നു അദ്ദേഹത്തിന്റെ കഴിവ്. ഒരിക്കൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു: ദൈവം എന്നോട് വലിയ കാരുണ്യം കാണിച്ചിരിക്കുന്നു; അതായത് എനിക്ക് ആത്മാഭിമാനം തോന്നത്തക്കവിധം സാമർത്ഥ്യമോ ശാസ്ത്രജ്ഞാനമോ ശക്തിയോ പുണ്യമോ ഒന്നും തന്നിട്ടില്ല. എന്നെപ്പറ്റി ചിന്തിക്കുമ്പോൾ പാപങ്ങളല്ലാതെ മറ്റൊന്നും എന്നിൽ കണ്ടുപിടിക്കാൻ എനിക്ക് സാധിക്കുന്നില്ല.

വിശുദ്ധനുണ്ടായിരുന്ന സ്വയാവബോധം എത്ര മഹത്തരമായിരുന്നു എന്ന് നോക്കുക! എന്നാൽ നമ്മെപ്പറ്റി നാംതന്നെ പുലർത്തുന്ന തെറ്റായ ധാരണയാണ് അഹങ്കാരം. സ്വർഗത്തിൽ വസിച്ചിരുന്ന മാലാഖമാരെ നരകത്തിലേക്ക് വീഴിച്ച പാപമാണ് ഇത്. ഈ പാപം നമ്മിലെല്ലാവരിലും വിവിധ അളവിൽ ഉണ്ട് എന്ന് നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. അതെക്കുറിച്ച് വിശുദ്ധ ജോൺ മരിയ വിയാനി ഇങ്ങനെ പറയുന്നു: ഒരുവൻ തന്റെ വസ്ത്രങ്ങളിൽ അഹങ്കരിക്കുന്നു, വേറൊരുവൻ വാക്സാമർത്ഥ്യത്തിൽ, മൂന്നാമതൊരുവൻ തന്റെ പെരുമാറ്റത്തിൽ, ഇതരൻ നടപ്പിലും ഇരിപ്പിലും.

വേറൊരു കൂട്ടരുണ്ട്, അവർ മറ്റുള്ളവരിൽനിന്ന് കൂടുതൽ പ്രശംസ ലഭിക്കാൻവേണ്ടി സ്വയം താഴ്ത്തി സംസാരിക്കുന്നു.

പാവപ്പെട്ടവരുടെ കൂടെ കാണപ്പെടാൻ ഇഷ്ടമില്ലാത്ത മനുഷ്യരുണ്ട്, പ്രത്യേകിച്ച് വലിയ ആളുകൾ അടുത്തെങ്ങാനും ഉള്ളപ്പോൾ. യാദൃച്ഛികമായി വലിയവരുടെ പ്രശംസയ്ക്ക് പാത്രമാകുമ്പോൾ അവർ അത്യധികം സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നു. എന്നാൽ എളിമയുള്ളവൻ ആക്ഷേപത്തെയോസ് തുതിയെയോ ദോഷാരോപണത്തെയോ ബഹുമാനത്തെയോ നിന്ദയെയോ ആദരത്തെയോ കാര്യമായി ഗണിക്കുന്നില്ല. ഇനിയും മറ്റ് ചിലർ മനുഷ്യരുടെ പ്രശംസ ലഭിക്കാൻവേണ്ടി വലിയ തുകകൾ സംഭാവന നൽകുന്നു.

ഭക്ഷണസാധനങ്ങളിൽ ഉപ്പെന്നതുപോലെ നമ്മുടെ എല്ലാ പ്രവൃത്തികളിലും നാം അഹങ്കാരം കലർത്താറുണ്ട്. നമ്മുടെ നല്ല പ്രവൃത്തികൾ എല്ലാവരാലും അറിയപ്പെടണമെന്ന് നാം ആഗ്രഹിക്കുന്നു. അന്യർ നമ്മുടെ സുകൃതങ്ങൾ മനസിലാക്കുമ്പോൾ നാം സന്തോഷിക്കുകയും കുറ്റങ്ങൾ അവരുടെ ദൃഷ്ടിയിൽ പെടുമ്പോൾ നാം സങ്കടപ്പെടുകയും ചെയ്യുന്നു. താൻ ചെയ്യുന്നതെല്ലാം വളരെ ഗംഭീരമാണ് എന്നാണ് അഹങ്കാരി ചിന്തിക്കുന്നത്. അതിനാൽത്തന്നെ മറ്റുള്ളവരെ വിമർശിക്കാൻ മടിക്കില്ല.

ഒരു ഉത്തമ മനുഷ്യനാകേണ്ടതിന് അഹങ്കാരത്തെ തകർത്ത് എളിമയിൽ വളരാൻ നാം എപ്പോഴും ഓർത്തിരിക്കേണ്ട കാര്യങ്ങളെക്കുറിച്ച് വിശുദ്ധൻ പറഞ്ഞുതരുന്നു.

* **ജീവിതം ക്ഷണികമാണ്**

ഇന്ന് നമുക്ക് നല്ല പ്രസരിപ്പും ആരോഗ്യവും ഉണ്ടായിരിക്കാം. പക്ഷേ നാളെ മരണം വന്ന് നമ്മെ കൊണ്ടുപോകും. ലോകമഹിമ, യൗവനം, ബഹുമതി, ധനം എന്നിവയെല്ലാം വയലിലെ പൂവുപോലെ വേഗം വാടിപ്പോകും. സമാനമായ രീതിയിൽ നാമും ഒരു ദിവസം പൊടിയായി രൂപാന്തരപ്പെടും. നല്ല ദൈവത്തെ ഭയപ്പെടുന്നില്ലെങ്കിൽ നാമും പുല്ലുപോലെ തീയി ലേക്ക് എറിയപ്പെടും. അതിനാൽ ലോകത്തിന്റെ കാര്യങ്ങൾക്ക് അമിതപ്രാധാന്യം നല്കരുത്. ശരീരത്തെ അധികമായി താലോലിക്കരുത്. ആത്മാവിനെപ്പറ്റിയും അതിനെ എങ്ങനെ ദൈവത്തോട് യോജിപ്പിക്കണമെന്നതിനെപ്പറ്റിയും കൂടുതലായി ചിന്തിക്കുക.

* **എളിമയുടെ മാതൃകകൾ**

ദൈവമായിരുന്ന ഈശോമിശിഹാ മനുഷ്യനായി ഈ ഭൂമിയിലേക്ക് വന്നു. ദരിദ്രനായി ജനിച്ചു, ജീവിച്ചു, കാൽവരിയിൽ രണ്ട് കള്ളൻമാരുടെ മധ്യേ കഴുമരത്തിലേറി. തന്റെ കാൽവരിബലിക്കുമുമ്പ് അത്ഭുതകരമായ വിശുദ്ധ കുർബാനയെന്ന കൂദാശ അവിടുന്ന് സ്ഥാപിച്ചു. ഇന്നും ദിവ്യകാരുണ്യത്തിൽ മറഞ്ഞിരുന്നുകൊണ്ട് നമ്മെ സ്നേഹിക്കുന്നു.

ഈ കൂദാശയിൽ അവിടുന്ന് ദുസ്സഹമായ നിന്ദനങ്ങൾ സഹിക്കുന്നു. നമ്മുടെ അൾത്താരകളിൽ നന്ദിയില്ലാത്ത മനുഷ്യരാൽ പരിത്യജിക്കപ്പെടുന്നു. എന്നിട്ടും അൾത്താരയിലെ ഈ കൂദാശവഴി അവിടുന്ന് ഇടവിടാതെ നമ്മെ സ്നേഹിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു.

* **ക്രൂശിലേക്ക് നോക്കണം**

നമ്മുടെ പാപങ്ങളാൽ കുരിശിൽ തറയ്ക്കപ്പെട്ട ഈശോയെ നോക്കണമെന്ന് വിയാനി പുണ്യവാൻ പറയുന്നു. നാം നടക്കുമ്പോൾ ഈശോമിശിഹാ കുരിശും വഹിച്ച് നമ്മുടെ മുമ്പേ നടക്കുന്നതായി മനസാ കാണണം. 'ഞാൻ ഹൃദയശാന്തതയും എളിമയുമുള്ളവനാകയാൽ എന്നിൽനിന്ന് പഠിക്കുവിൻ' എന്നല്ലേ അവിടുന്ന് പറയുന്നത്. കുരിശിൽ നിന്ദിതനായി മരിക്കുമ്പോഴും ശാന്തത പുലർത്തുന്ന അവിടുത്തെ മാതൃക പിഞ്ചെല്ലാം. നാം അഹങ്കാരംവഴി ചെയ്ത പാപങ്ങൾക്ക് പരിഹാരമായി നമ്മുടെ കർത്താവ് മുൾമുടി ധരിക്കപ്പെട്ടു.

* **കന്യാമാതാവും വിശുദ്ധരും**

നമ്മെ ഉറ്റുനോക്കുന്ന മാതാവിനെ മനസിൽ കണ്ടാൽ അഹങ്കരിക്കാതിരിക്കാൻ പ്രേരണ ലഭിക്കുമെന്ന് വിശുദ്ധർ നമ്മെ ഓർമിപ്പിക്കുന്നു. "കണ്ടാലും, അവിടുന്ന് തന്റെ ദാസിയെ കടാക്ഷിച്ചു എന്നാണല്ലോ പരിശുദ്ധ അമ്മ പറയുന്നത്. ദൈവം നമ്മെ കടാക്ഷിക്കേണ്ടതിന് നമുക്കും എളിമയുള്ളവരായിരിക്കാം. വിശുദ്ധരുടെ മാതൃകകളെക്കുറിച്ചും വിയാനി പുണ്യവാൻ എപ്പോഴും പറയുക പതിവായിരുന്നു.

*** ശിശുക്കളെപ്പോലെയാകൂ...**

സകലതിനും മാതാപിതാക്കളെ ആശ്രയിക്കുന്ന ശിശുവിനെപ്പോ ലെയാകുക. അപ്പോൾ എളിമപ്പെടുക എളുപ്പമായിത്തീരും. സൂര്യപ്രകാശമില്ലെങ്കിൽ ഭൂമിക്ക് യാതൊന്നും മുളപ്പിക്കാൻ സാധിക്കാത്തതുപോലെ നല്ല ദൈവത്തിന്റെ പ്രസാദവരം കൂടാതെ നമുക്ക് യാതൊരു നന്മയും ചെയ്യുവാൻ കഴിയില്ല. ഇക്കാര്യം അംഗീകരിക്കുന്നവർക്ക് അഹങ്കരിക്കാൻ സാധിക്കുകയില്ല.

വിശുദ്ധ വിയാനി എളിമയെ തുലാസിനോടാണ് ഉപമിച്ചിരിക്കുന്നത്. എളിമ തുലാസുപോലെയാണ്. ഒരു വശത്ത് നമ്മെത്തന്നെ എത്ര താഴ്ത്തുന്നുവോ, മറുവശത്ത് നാം അത്രയും ഉയരുന്നു.'

(കടപ്പാട് : ശാലോം ടൈംസ്)

## വിശുദ്ധരുടെ പാതയിലൂടെ

# വിശുദ്ധ ബഞ്ചമിൻ രക്തസാക്ഷി

ബഞ്ചമിൻ പേർഷ്യാക്കാരനായ ഒരു ഡീക്കനായിരുന്നു. ആദ്യ നൂറ്റാണ്ടു മുതൽ പേർഷ്യയിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. പന്തക്കുസ്താദിനത്തിൽ ജറുസലെമിൻ വി. പത്രോസിന്റെ പ്രസംഗം കേട്ടു നിന്നവരിൽ പാർത്ഥ്യക്കാരും മെസാപ്പൊട്ടാമിയായിൽ നിന്നു വന്നവരും ഉണ്ടായിരുന്നു. അന്ന് അവരിൽ പലരും ജറുസലെമിൽ നിന്നുതന്നെ വിശ്വാസം സ്വീകരിച്ചുവെന്ന് കരുതാവുന്നതാണ്. മെസാപ്പൊട്ടാമിയ പഴയ പേർഷ്യൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു. അന്നത്തെ പേർഷ്യൻ സാമ്രാജ്യം ഇന്നത്തെ ഇറാക്കിലും ഇറാനിലുമായി വ്യാപിച്ചു കിടന്നിരുന്നു. തോമാശ്ലീഹായുടെ ശിഷ്യനായ അദ്ദായിയും അദ്ദായിയുടെ ശിഷ്യനായ മാറിയും പേർഷ്യൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന സെലൂഷ്യയിൽ ഒരു സഭ സ്ഥാപിച്ചുവെന്ന് സെലൂഷ്യാക്കാർ പൊതുവെ വിശ്വസിക്കുന്നുണ്ട്. എദേസ്സാ നിസിബിസ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് മിഷനറിമാർ സെലൂഷ്യയിൽ വന്ന് സുവിശേഷം പ്രസംഗിക്കുകയും അങ്ങനെ അവിടെ സഭ സ്ഥാപിതമാകുകയും ചെയ്തുവെന്നാണ് ചരിത്ര പണ്ഡിതർ പറയുന്നത്.

പ്രസിദ്ധമായ ടൈഗ്രിസ് നദിയുടെ ഇരുകരകളിലുമായി സ്ഥിതി ചെയ്യുന്ന സെലൂഷ്യാസ്റ്റെസിഫോൺ എന്ന ഇരട്ട നഗരം കേന്ദ്രീകരിച്ച് അക്കാലത്ത് നിലവിലുണ്ടായിരുന്ന സഭയിൽ മൂന്നാം നൂറ്റാണ്ടിന്റെ അവസാനമോ നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ പാപ്പാ ബാർ അഗ്ഗായി എന്ന ഒരു മെത്രാൻ ഉണ്ടായിരുന്നതായി ചരിത്രകാരന്മാർ പറയുന്നുണ്ട്. പേർഷ്യൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന സെലൂഷ്യാ സ്റ്റെസിഫോൺ എന്ന നിലയിൽ അവിടുത്തെ മെത്രാന് പിന്നീട് പേർഷ്യായിലെ എല്ലാ സഭകളുടെ മേലും അധികാരമുണ്ടായരുന്നു.

പേർഷ്യൻ രാജാക്കന്മാരായ സാപ്പോർ രണ്ടാമന്റെയും മൂന്നാമന്റെയും കാലഘട്ടത്തിൽ നാലാം ശതാബ്ദത്തിന്റെ അന്ത്യത്തിൽ പേർഷ്യൻ സാമ്രാജ്യത്തിൽ ക്രസ്തുമതപീഢനം ഭീകരമായി നടമാടി. അതിനും മുമ്പാണ് ബരാണെസ് രാജാവ് നടത്തിയ അതിഘോരമായ പീഡനങ്ങളും മർദ്ദനങ്ങളും. അതിനെപ്പറ്റി സമകാലികനായ തെയോഡൊറെറ്റ് പറഞ്ഞുവച്ചിരിക്കുന്നത് ആരുടെയും ഹൃദയത്തെ പിളർക്കുന്നതും കണ്ണുകളിൽ കണ്ണുനീർ നിറയ്ക്കുന്നതുമാണ്. ക്രിസ്ത്യാനികളുടെ ശരീരത്തിൽ മുള്ളുകൊണ്ട് കുത്തുകയും തൊലി പൊളിച്ചു കളയുകയുമൊക്കെ ചെയ്യുന്നത് അന്നത്തെ കഠോര പീഡനങ്ങളുടെ ഭാഗമായിരുന്നു.

ബരാണെസ് രാജാവിന്റെ കാലത്തുതന്നെയാണ് ബഞ്ചമിൻ എന്ന ആറാം പട്ടക്കാരൻ കൊടിയ പീഢനങ്ങൾക്ക് ഇരയാകുന്നത്. അദ്ദേഹത്തെ പിടിച്ചു ക്രൂരമായി

പ്രഹരിച്ചതിനുശേഷം ജയിലിലടച്ചു. ഒരു കൊല്ലത്തിനുശേഷം ജയിൽ മോചിതനായ അദ്ദേഹത്തോട് ക്രിസ്തുമതം പ്രസംഗിച്ചു പോകരുതെന്ന് താക്കീതു കൊടുത്ത് സ്വതന്ത്രനായി വിട്ടു. എന്നാൽ സത്യം മറച്ചുവെച്ചു വെറുതെ അലസനായിരിക്കുവാൻ അദ്ദേഹം തയ്യാറല്ലായിരുന്നു. ബഞ്ചമിൻ വീണ്ടും സുവിശേഷം പ്രസംഗിക്കുവാൻ തുടങ്ങി. ഇതുകേട്ട് രാജാവ് ബഞ്ചമിനെ വിളിച്ചു ചോദ്യം ചെയ്തു. എന്നാൽ ക്രിസ്തുവിനെ തള്ളിപ്പറയാൻ ബഞ്ചമിൻ തയ്യാറല്ലെന്ന് മനസ്സിലാക്കിയപ്പോൾ അദ്ദേഹത്തെ മർദ്ദിക്കാൻ രാജാവ് കല്പിച്ചു. പീഡകർ അദ്ദേഹത്തിന്റെ കൈകളുടെയും കാലുകളുടെയും നഖങ്ങൾക്കിടയിലും ശരീരത്തിന്റെ മൃദുലഭാഗങ്ങളിലും മുള്ളുകൾ കുത്തിയിറക്കിയതിനുശേഷം വലിച്ചെടുത്ത് വീണ്ടും വീണ്ടും കുത്തി വേദനിപ്പിച്ചുകൊണ്ടിരുന്നു. അവസാനം വയറ്റിൽ ഒരു കുറ്റി കുത്തിക്കേറ്റി കുടൽ കുത്തിക്കീറി. അങ്ങനെ അദ്ദേഹം 424-ൽ ഒരു ധീര രക്തസാക്ഷിയായി മരിച്ചു.

വിചിന്തനം: വിശുദ്ധ എഫ്രേം രക്തസാക്ഷികളെക്കുറിച്ച് എഴുതിയ ഹൃദയ സ്പർശിയായ ഒരു വാചകം ഇവിടെ ചേർക്കുന്നു. തത്ത്വശാസ്ത്രജ്ഞന്മാരുടെ വിജ്ഞാനവും സുപ്രസിദ്ധ പ്രസംഗകരുടെ വാഗ്ചാതുര്യവും രക്തസാക്ഷികളുടെ ധീരസഹനങ്ങൾക്ക് മുമ്പിൽ മൂകമാണ്. പരിശുദ്ധ രക്തസാക്ഷികളുടെ വിശ്വാസസ്ഥിരതയും പ്രസന്നതയോടെയുള്ള സഹനവും കണ്ടിരുന്ന സ്വേച്ഛാധിപതികൾക്കും വിധികർത്താക്കൾക്കും അതിൽ ആശ്ചര്യപ്പെടാതിരിക്കാൻ കഴിഞ്ഞില്ല. അങ്ങനെയെങ്കിൽ വിശ്വാസത്തിൽ അലസത കാണിക്കാൻ നമുക്ക് എങ്ങനെ കഴിയും.

## സ്നേഹ സ്മരണയ്ക്ക് 29-3-2026

**15-ാം ചരമവാർഷികം**



**ട്രീസ ജോർജ്ജ്**

**കാരിയ്ക്കാപ്പറമ്പിൽ**

# ബൈബിൾ ക്വിസ്സ്




06

**ലോഗോസ് ക്വിസ് 26 സെപ്റ്റംബർ 27, 2026 (രജിസ്ട്രേഷൻ) – ജൂൺ 1, 2026 – ജൂലൈ 31, 2026**

26-ാം അഖില കേരള രൂപതാതല ലോഗോസ് ക്വിസ് 2026 സെപ്റ്റംബർ 27 ന് നടക്കുന്നു. പാഠഭാഗം -റൂത്ത് 1-4, സഭാ പ്രസംഗകൻ 1-6, വി.യോഹ 1-12, ഗലാത്തിയ 1-6, 1 സാമുവേൽ 1-7. ഇനിയുള്ള 15 ചോദ്യങ്ങൾ ഈ പാഠഭാഗങ്ങൾ അടിസ്ഥാനമാക്കിയും 5 ചോദ്യങ്ങൾ ബുള്ളറ്റിനിലെ ലേഖനങ്ങൾ അടിസ്ഥാനമാക്കിയുള്ളതാണ്. 20-ാം തീയതിക്ക് മുമ്പായി ഉത്തരങ്ങൾ എഴുതി പള്ളിയുടെ മോണ്ടളത്തിൽ സ്ഥാപിച്ചിരിക്കുന്ന ബോക്സിൽ നിക്ഷേപിക്കുക. ശരിയുത്തരം നൽകുന്നവരിൽ നിന്നും നറുക്കെടുത്ത് 2 പേർക്ക് 100 രൂപ വീതവും മറ്റുള്ളവർക്ക് പ്രോത്സാഹന സമ്മാനവും നൽകുന്നതാണ്.

## ബൈബിൾ ക്വിസ് 6 ചോദ്യങ്ങൾ

### സഭാ പ്രസംഗകൻ 1-3 അദ്ധ്യായങ്ങൾ

### (ഉത്തരങ്ങൾ വലിയ (A4 Size) പേപ്പറിൽ എഴുതുവാൻ ശ്രദ്ധിക്കുക)

1. സഭാ പ്രസംഗകൻ എന്ന വാക്ക് ഏത് ഹീബ്രു പദത്തിന്റെ തർജ്ജിമയാണ് ?
2. സൂര്യനു കീഴേ നടക്കുന്നതെല്ലാം ഈ ലോകവും ഇതിലെ വ്യാപാരങ്ങളും നേട്ടങ്ങളും സുഖങ്ങളും എല്ലാം............
3. ................ വരുന്നു, പോകുന്നു. ഭൂമിയാകട്ടെ എന്നേയ്ക്കും നിലനിൽക്കുന്നു.
4. ദാവീദിന്റെ പുത്രനും ജറുസലെമിൽ ഇസ്രായേലിന്റെ രാജാവും എന്ന് ഗ്രന്ഥകാരൻ തന്നെക്കുറിച്ച് പറയുമ്പോൾ കർത്തൃത്വം ആരോപിക്കപ്പെടുന്നത് ആരിലാണ് ?
5. എന്തിനെയെല്ലാം വിവേചിച്ചറിയാൻ ആണ് ഗ്രന്ഥകാരൻ ശ്രമിച്ചത് ?
6. താൻ ഉണ്ടാക്കിയവയെയും അതിനുവേണ്ടി ചെയ്ത അധ്വാനത്തെയും നിരൂപണം ചെയ്ത ഗ്രന്ഥകാരന് ബോധ്യപ്പെട്ടതെന്ത് ?
7. ജ്ഞാനമേറുമ്പോൾ .......... ഏറുന്നു, അറിവു വർദ്ധിക്കുമ്പോൾ ................. വർദ്ധിക്കുന്നു.
8. ചിരി ഭ്രാന്താണെന്നും സുഖഭോഗങ്ങൾ ............... ആണെന്നും ഞാൻ മനസ്സിലാക്കി.
9. ജ്ഞാനിക്കു കാണാൻ കണ്ണുണ്ട് എന്നാൽ ഇരുട്ടിൽ നടക്കുന്നതാരാണ് ?
10. തന്നെ പ്രസാദിപ്പിക്കുന്നവനു ദൈവം പ്രദാനം ചെയ്യുന്നതെന്തെല്ലാം ?
11. പാപിക്കു ദൈവം കൊടുക്കുന്ന ജോലി എന്ത് ?
12. സഭാ പ്രസംഗകൻ 3-ാം അദ്ധ്യായം 1-8 വാക്യങ്ങളിൽ കാലം എന്ന വാക്ക് എത്ര തവണ ആവർത്തിച്ച് കാണുന്നു ?
13. ദൈവത്തിന്റെ പ്രവർത്തികളെല്ലാം ................ ഞാൻ അറിയുന്നു.
14. സൂര്യനു കീഴേ ......................പോലും നീതി പുലരേണ്ടിടത്തു തിൻമ കുടികൊള്ളുന്നതായി ഞാൻ കണ്ടു.
15. ....................... വെറും മൃഗങ്ങളാണെന്ന് അവരെ കാണിക്കാൻ വേണ്ടി ദൈവം അവരെ പരീക്ഷിക്കുകയാണെന്ന് ഞാൻ കരുതി. എന്തെന്നാൽ മനുഷ്യരുടെയും മൃഗങ്ങളുടെയും ഗതി ഒന്നു തന്നെ.

16. പഠന കാര്യങ്ങളിൽ ജോൺവിയാനിയെ സഹായിക്കുവാനായി നിയോഗിക്കപ്പെട്ട വ്യക്തി ആര് ?
17. തോമാശ്ലീഹായുടെ ശിഷ്യനായ അദ്ദായിയും അദ്ദായിയുടെ ശിഷ്യനായ മാറിയും ചേർന്ന് സഭ സ്ഥാപിച്ചത് എവിടെയാണ് ?
18. സെലൂഷ്യാസ്റ്റെസിഫോൺ എന്ന ഇരട്ട നഗരം കേന്ദ്രീകരിച്ച് നിലവിലുണ്ടായിരുന്ന സഭയിലുണ്ടായിരുന്നതായി പറയുന്ന മെത്രാൻ ആര് ?
19. നൂറ്റാണ്ടുകൾക്ക് മുമ്പ് നാഗരികതയുടെ നടുമുറ്റമെന്ന് നാമകരണം ചെയ്തിരുന്ന നഗരമേത് ?
20. നമ്മുടെ സഭയിൽ ആചരിക്കുന്ന പ്രധാന നോമ്പുകൾ ഏവ?

## ബൈബിൾ ക്വിസ് – 5 ശരിയുത്തരങ്ങൾ

1. മൊവാസ്
2. മഹ്ലോൻ
3. എലിമലെസ്
4. സന്തുഷ്ട
5. ബാർലി
6. കർത്താവ് നിങ്ങളോടുകൂടെ
7. ആറളവ് ബാർലി
8. ഇടപാട് സ്വീകരിക്കുന്നതിനുവേണ്ടി ഒരാൾ തന്റെ ചെരിപ്പ് ഊരി മറ്റെയാളെ ഏല്പിക്കും
9. ഓബദ്
10. റാഹേൻ, ലെയ
11. യുദാ, താമാർ
12. നവജീവൻ
13. ഹെബ്രോൻ
14. നഹ്ഷോൻ
15. ജസ്സെ
16. ഏശയ്യ പ്രവാചകനെ
17. ഉപവാസത്തോടെ
18. ക്വിന്റിലിയാത്തൂസ്
19. തീയിൽ നിന്നുള്ള സംരക്ഷണത്തിന്
20. ഉത്കണ്ഠ

## ബൈബിൾ ക്വിസ് – 5

### ആകെ പങ്കെടുത്തവർ 16 ശരിയുത്തരമെഴുതിയവർ 11

1. ജോൺസൺ വെണ്ടർമ്യാലിൽ
2. സുജ ജോൺസൺ വെണ്ടർമ്യാലിൽ
3. തങ്കച്ചൻ ചേരിയിൽ
4. എലിസബത്ത് ജോൺ മഞ്ചേരിൽ
5. ബെറ്റി ഷാജി പുത്തൻപുരയ്ക്കൽ
6. നയന എലിസബത്ത് ജിജി കാട്ടുകുടിയിൽ
7. നോഹൻ ജിജി കാട്ടുകുടിയിൽ
8. എൽസി റ്റോമി മാറാമറ്റത്തിൽ
9. ലിസമ്മ ഐപ്പ് കല്ലിങ്കൽ
10. മോളി ജോൺ പാലാക്കാരൻ
11. ബിനി ബെന്നി ആടുകുഴിയിൽ

## ബൈബിൾ ക്വിസ് 5 സമ്മാനാർഹർ

1. സുജ ജോൺസൺ വെണ്ടർമ്യാലിൽ
2. ലിസമ്മ ഐപ്പ്, കല്ലിങ്കൽ

# വാർഡ് വാർത്തകൾ

## ജന്മദിനാശംസകൾ

### വാർഡ് 1

### നിർമ്മല മാതാ

- ടോം പുത്തൻകുടിയിൽ
- സോജൻ നടുത്തോട്ടത്തിൽ
- സിറിയക് സ്രായിൽ
- ലീനാ പീച്ചാട്ട്
- ഐപ്പ് കല്ലുങ്കൽ
- സെബാസ്റ്റ്യൻ പുൽപ്പറമ്പിൽ
- മേരിക്കുട്ടി പുൽപ്പറമ്പിൽ
- ഹേസൽ ജിന്റോ മാറാമറ്റത്തിൽ

### വാർഡ് 2

### സെന്റ് ജോസഫ്

- ജോസഫ് കണ്ടനാട്ട്
- ഷെഫി നടുത്തോട്ടത്തിൽ
- സിസ്റ്റർ ബെൻസി നടുത്തോട്ടത്തിൽ
- എബിൻ നടുത്തോട്ടത്തിൽ
- അനൂപ് കുരികയിൽ
- പ്രിയാമോൾ തരണിയിൽ
- ജെഫി പുൽത്തകിടിയേൽ
- ജോസ് പനോക്കാരൻ
- റുവാ നടുത്തോട്ടത്തിൽ

### വാർഡ് 3

### സെന്റ് മേരീസ്

- ജൂഡ്സൺ വെണ്ടർമ്യാലിൽ
- ബേബി വെണ്ടർമ്യാലിൽ
- റെജു മണ്ണത്തൂക്കാരൻ
- ജോൺ ചെറുപറമ്പിൽ
- ബീന വാഴയിൽ
- ബിന്ദു ജിജി മഠത്തിൽ
- എഡ്വിൻ ജെ. മാത്യു മഠത്തിൽ
- സോണറ്റ് വയലിൽ

### വാർഡ് 4

### ഹോളി ഫാമിലി

- ആന്റണി തളിയത്ത്
- ആൻമരിയ തട്ടാംപറമ്പിൽ
- ലിജോ മുണ്ടയ്ക്കൽ
- ബെറ്റി പുത്തൻപുരയ്ക്കൽ

### വാർഡ് 5

### സെന്റ് ജോർജ്ജ്

- അച്ചാമ്മ പൂനാട്ട്
- റിയ പൂനാട്ട്
- ഐപ്പ് ചുണ്ടങ്ങയിൽ
- ബിജു ചുണ്ടങ്ങയിൽ
- ജോർജ്ജ് നടാംകുഴിയിൽ
- ദേവസ്യ തച്ചിൽ
- ഡോണൽ തച്ചിൽ
- ജോർജ്ജ് പടിഞ്ഞാറെക്കുടി

- ജോബി തോമസ് വെട്ടുകാട്ടിൽ
- റ്റിജി ടെസ് ലൂക്കാ വെട്ടുകാട്ടിൽ
- ആൽവിൻ പടിഞ്ഞാറെക്കുടി
- അജീഷ് മെതിപ്പാറയിൽ
- ഫ്ളോറൻസ് തെക്കുംപുറത്ത്
- നീനു തെക്കുംപുറത്ത്
- ജോയി പുളിക്കൽ
- മേരി മെതിപ്പാറ
- അഞ്ജു ടിന്റോ തിരുതാളിൽ
- മിഥുൻ റാത്തപ്പിള്ളിൽ

## വാർഡ് 6
## സെന്റ് ഫ്രാൻസീസ്

- ഡൊമിനിക് ഇല്ലിക്കാമുറിയിൽ
- സോണറ്റ് കാരിക്കാപ്പറമ്പിൽ
- പ്രിൻസ് കൊമ്പനാത്തോട്ടം
- തെരേസ കൊമ്പനാത്തോട്ടം
- ജോർജ്ജ് കുളത്തൂർ
- ഹെലൻ മേരി കപ്യാരിട്ടയിൽ
- ജെനി മെതിപ്പാറയിൽ
- ചിന്നമ്മ പൂനാട്ട്
- സാബിൻ പുത്തൻപുരയ്ക്കൽ
- പുഷ്പ തോട്ടത്തിൽ
- ജോയേൽ തോട്ടത്തിൽ
- ജോസ് ചുണ്ടങ്ങയിൽ
- നിവ്യ ചുണ്ടങ്ങയിൽ
- വിൻസി പാലക്കാട്ട് പുത്തൻപുര

## വാർഡ് 7
## സെന്റ് പീറ്റർ

- മിനി ഇരമംഗലത്ത്
- സുനിത പുതുശ്ശേരി
- ജോൺ പ്ലാക്കിൽ
- ഗ്രേസി മൂഞ്ഞേലി
- ഈഥൻ മൂഞ്ഞേലി
- ലൂക്കാ തോട്ടുമാരിക്കൽ
- കൺമണി പരുവംമൂട്ടിൽ
- എബിൻ തോട്ടുമാരിക്കൽ
- ക്രിസ്റ്റീൻ മൂത്തേടൻ
- സെബാസ്റ്റ്യൻ വടക്കുംതല
- ജോർലി വടക്കുംതല
- ജെസ്സി മടേക്കുന്നേൽ
- ജോണി മടേക്കുന്നേൽ
- മിഥുൻ തെങ്ങനാക്കുന്നേൽ

## വാർഡ് 8
## സെന്റ് അഗസ്റ്റിൻ

- സോണി വർങ്ങലക്കുടിയിൽ
- ഗ്രേസി വർങ്ങലക്കുടിയിൽ
- ജോസഫ് വർങ്ങലക്കുടിയിൽ
- ഡയാന നെല്ലിപ്പിള്ളിൽ
- ആനീസ് മണവാളൻ
- ദിയ നെല്ലിപ്പിള്ളിൽ
- സുനിത മുണ്ടങ്ങാട്ടിൽ
- മീനു കാളാംപറമ്പിൽ
- ഗ്രേയ്സ് കാരിയ്ക്കൽ
- അശോക് നെടുംപീടികയിൽ
- ജോസ്മോൻ മുണ്ടങ്ങാട്ടിൽ
- ബാബു പുത്തൻകുടിയിൽ
- മിനി പുത്തൻകുടിയിൽ
- ട്രീസ പാത്താംകുളമ്പേൽ
- ജോസഫ് കാളാംപറമ്പിൽ
- ജിജി കുഴിപ്പിള്ളിൽ

വാർഡ് 9

## ഫാത്തിമ മാതാ

- തെയ്യമ്മ കണംകൊമ്പിൽ
- ഡിജോ കണംകൊമ്പിൽ
- ജിതിൻ മണ്ണൂർ
- സബീന നെടുംഞ്ചാലിൽ
- സാലി താണിമറ്റം
- ആഗ്നസ് പുത്തൻപുര പുല്ലൻ
- നിമിഷ കൂറ്റപ്പിള്ളിൽ
- ബെന്നി ആടുകുഴിയിൽ
- വിബിൻ കണംപിള്ളിൽ
- ഷെനോ പുതിയാപറമ്പിൽ
- ബെൻ ഊട്ടുകളത്തിൽ
- ജോർജ്ജുകുട്ടി ചുണ്ടങ്ങായിൽ

വാർഡ് 10

## ക്രിസ്തുരാജ്

- സിറിൽ കാവാട്ട്
- അലിഡ തെങ്ങുംപള്ളിൽ
- പ്രിൻസി കോയിക്കൽ
- പ്രിൻസ് മാത്യു പാലാക്കാരൻ
- കുഞ്ഞുമോൻ കണിച്ചാട്ട്

# വിവാഹവാർഷികം

വാർഡ് 1

## നിർമ്മല മാതാ

വാർഡ് 2

## സെന്റ് ജോസഫ്

വാർഡ് 3

## സെന്റ് മേരീസ്

വാർഡ് 4

## ഹോളി ഫാമിലി

വാർഡ് 5

## സെന്റ് ജോർജ്ജ്

- ജോർജ് & വത്സ മെതിപ്പാറയിൽ

വാർഡ് 6

## സെന്റ് ഫ്രാൻസിസ്

വാർഡ് 7

## സെന്റ് പീറ്റർ

വാർഡ് 8

## സെന്റ് അഗസ്റ്റിൻ

വാർഡ് 9

## ഫാത്തിമ മാതാ

വാർഡ് 10

## ക്രിസ്തുരാജ്

# ദൈവാലയ വായനകൾ

## 2026 മാർച്ച്

### നോമ്പുകാലം

1 ഞാ നിയ 15:7-15
തോബി 12:6-15
2 കോറി 8:9-15
മത്താ 6:1-8, 16-18

2 തി ഫിലി 4:10-20
മർക്കോ 9:33-41

3 ചൊ 2 കോറി 9:1-5
മർക്കോ 12:38-44

4 ബു 2 കോറി 9:6-10
ലൂക്കാ 6:32-38

5 വ്യാ യാക്കോ 2:10-17
മത്താ 7:21-28

6 വെ **ആദ്യവെള്ളി**
സുഭാ 8:12-21
ആമോ 5:1-7
2 കോറി 9:11-15
ലൂക്കാ 12:29-34

7 ശ 2 കോറി 6:14-7:1
ലൂക്കാ 8:42-48

8 ഞാ ഉത്പ 19:1-7, 10-11
2 സാമു 12:1-7, 13-17
2 തിമോ 2:22-26
മത്താ 5:27-32

9 തി പുറ 19:9-15
എസെ 22:6-15
2 പത്രോ 1:1-9
മർക്കോ 7:14-23

10 ചൊ പുറ 3:1-6
പ്രഭാ 4:11-18
ഹെബ്രാ 12:14-17
ലൂക്കാ 11:33-41

11 ബു പാതിനോമ്പ്
1 രാജാ 19:19-21
ജോബ് 22:23-30
വെളി 3:1-6
മർക്കോ 10:46-52

12 വ്യാ പുറ 29:31-37
2 മക്ക 1:24-29
1 തെസ 4:1-8
ലൂക്കാ 5:12-16

13 വെ പുറ 28:40-43
സുഭാ 20:5-9
ഹെബ്രാ 10:1-10
യോഹ 17:9-19

14 ശ വെളി 3:14-22
ലൂക്കാ 24:44-49

15 ഞാ ഉത്പ 4:8-16
1 സാമു 24:1-8
1 യോഹ 1:5-10
യോഹ 8:1-11

16 തി എഫേ 4:1-6
ലൂക്കാ 17:1-6

17 ചൊ 1 പത്രോ 3:8-12
മത്താ 5:38-48

18 ബു 1 തെസ 5:12-18
മത്താ 18:15-20

19 വ്യാ 1 കോറി 13:1-8, 12-13
മത്താ 18:21-35

**വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ**

ഏശ 41:8-16
ശ്ലീഹ 19:11-20
2 കോറി 10:3-11
മത്ത 1:18-25

20 വെ സംഖ്യ 29:1-6
എസ്രാ 8:31-35
ഹെബ്രാ 9:23-28
മത്താ 20:20-28

21 ശ 1 കോറി 2:1-8
മത്താ 17:1-9

22 ഞാ നിയ 8:1-10
2 മക്ക 6:18-31
1 പത്രോ 4:12-19
മർക്കോ 8:31-9:1

23 തി 1 പത്രോ 2:18-23
മത്താ 12:15-21

24 ചൊ കൊളോ 1:24-29
യോഹ 15:18-27

25 ബു റോമാ 8:31-39
മത്താ 10:17-22
മംഗളവാർത്താത്തിരുനാൾ
പുറ 15:11-21
ശ്ലീഹ 1:11-14
ഹെബ്രാ 1:1-13
ലൂക്കാ 1:26-38

26 വ്യാ 2 തിമോ 1:6-14
മർക്കോ 10:32-34

27 വെ **നാല്പതാം വെള്ളി**
1 രാജാ 17:17-24
ശ്ലീഹ 9:36-42
റോമാ 5:12-17
യോഹ 11:32-44

28 ശ 2 കോറി 2:14-17
യോഹ 12:1-11

29 ഞാ **ഓശാന ഞായർ**
(ഓശാന ഞായർ കർമ്മക്രമം കാണുക)
ഉൽപ്പ 49:8-12, 22-26
സഖ 9:9-12
റോമ 11:13-24
മത്ത 21:1-17

30 തി 1 രാജാ 9:1-9
വിലാ 2:1-7
റോമാ 11:17-24
ലൂക്കാ 19:41-48

31 ചൊ ഉത്പ 37:5-24
2 ദിന 24:17-22
ഹെബ്രാ 13:10-16
ലൂക്കാ 20:9-19

## 2026 ഏപ്രിൽ

1 ബു ഇന്നു മുതൽ വലിയ ശനിയാഴ്ച വരെ ത്രികാലജപം മിശിഹാ നമ്മെ പ്രതി...ചൊല്ലുന്നു.
ഉത്പ 45:3-15
ജറെ 20:7-13
2 കോറി 5:1-10
യോഹ 12:20-36

2 വ്യാ **പെസഹാവ്യാഴം**
(പെസഹാവ്യാഴം കർമ്മക്രമം കാണുക)
പുറ 12:1-20
മലാഖി 1:10-14
1 കോറി 11:23-29
യോഹ 13:1-14+
മത്ത 26:26-30

3 വെ **പീഡാനുഭവവെള്ളി**
ആദ്യവെള്ളി
(പീഡാനുഭവ വെള്ളി കർമ്മക്രമം കാണുക)
ഇന്ന് ഉപവാസദിനം
ഉത്പ 22:1-19
ഏശ 52:13-53-9
റോമ 5:6-16
ലൂക്കാ 22:63-23:12+
മത്താ 27:19+
ലൂക്കാ 23:13-23+
മത്താ 27:24-25+
ലൂക്കാ 23:24-45+
മത്താ 27:51-54+
യോഹ 19:23-30

4 ശ **വലിയ ശനി**
(വലിയ ശനി കർമ്മക്രമം കാണുക)
ഇന്നു മുതൽ പന്തക്കുസ്താതിരുനാൾ വരെ ത്രികാലജപം സ്വർല്ലോകരാജ്ഞി ചൊല്ലുന്നു.
പുറ 17:3-7
യോന 12:1-10
റോമ 6:3-11
മത്ത 28:1-20

5 ഞാ **ഉയിർപ്പുതിരുനാൾ**
ഏശ 60:1-7
1 സാമു 2:1-10
റോമ 5:20-6:23
മത്ത 28:1-6

**വിശുദ്ധ ഗ്രന്ഥവായനകൾ**

| തീയതി | സമയം | പഴയനിയമം | ലേഖനം |
|---|---|---|---|
| 08.03.2026 | 5.30 am | ജോർജ്ജ് തെക്കുംപുറം | ജോസ് വെണ്ടർമ്യാലിൽ |
| | 7.00 am | റോസ്മി ചെറായിൽ | തങ്കച്ചൻ ചേരിയിൽ |
| 15.03.2026 | 5.30 am | ജോൺസൺ വെണ്ടർമ്യാലിൽ | ജയിംസ് വടക്കേൽ |
| | 7.00 am | ജിംസി ഊട്ടുകുളം | ജോർജ്ജ് നടുക്കുടിയിൽ |
| 22.03.2026 | 5.30 am | ജോസ് തലയ്ക്കൽ | ജോസഫ് പീച്ചാട്ട് |
| | 7.00 am | സെലിൻ കണ്ണിക്കാട്ട് | ഷെഫി നടുത്തോട്ടത്തിൽ |
| 29.03.2026 | 5.30 am | ജെയിംസ് വടക്കേൽ | ജോൺസൺ വെണ്ടർമ്യാലിൽ |
| ഓശാന ഞായർ | 6.30 am | 1. തങ്കച്ചൻ ചേരിയിൽ<br>2. റോസ്മി ചെറായിൽ | 3. ജോസ് തലയ്ക്കൽ |
| 02.04.2026<br>പെസഹാവ്യാഴം | 6.30 am | 1.ജോൺസൺ വെണ്ടർമ്യാലിൽ<br>2. സെലിൻ കണ്ണിക്കാട്ട് | 3. ജെയിംസ് വടക്കേൽ |
| 03.04.2026<br>ദുഃഖവെള്ളി | 6.30 am | 1. ജോസ് തലയ്ക്കൽ<br>2. ജോസഫ് പീച്ചാട്ട് | 3. ജോസ് വെണ്ടർമ്യാലിൽ |
| 05.03.2026<br>ഈസ്റ്റർ | 4.00 am | 1. ജോൺസൺ വെണ്ടർമ്യാലിൽ<br>2. ജോസ് വെണ്ടർമ്യാലിൽ | 3. ഷെഫി നടുത്തോട്ടത്തിൽ |
| | 6.30 am | മാത്യു ഊട്ടുകുളം | ജോർജ്ജ് നടുക്കുടിയിൽ |

## സ്നേഹ സ്മരണയ്ക്ക്

**19-ാം ചരമവാർഷികം. 19-3-2026**




# എൻ.എം. മത്തായി

**നെല്ലിപ്പിള്ളിൽ**

## സ്നേഹ സ്മരണയ്ക്ക്

**17-ാം ചരമവാർഷികം . 14-3-2026**




# എൻ.എം. ജോസഫ്

**നെല്ലിപ്പിള്ളിൽ**

## സ്നേഹ സ്മരണയ്ക്ക്

**21-ാം ചരമവാർഷികം. 17-3-2026**



### പി.സി. പോൾ
**പുത്തൻപുരയ്ക്കൽ**

## സ്നേഹ സ്മരണയ്ക്ക്

**35-ാം ചരമവാർഷികം. 26-3-2026**



### പി.സി. ജോസഫ്
**പുത്തൻപുരയ്ക്കൽ**

# സ്നേഹ സ്മരണയ്ക്ക്

**10-ാം ചരമവാർഷികം 8-3-2026**




## അന്നക്കുട്ടി പൈലി (കുഞ്ഞാച്ചി)

**കാട്ടുകുടിയിൽ**

# സ്നേഹ സ്മരണയ്ക്ക്

**3-ാം ചരമവാർഷികം. 7-3-2026**



## സോണി ജോസഫ്

**(സണ്ണി കണ്ണാടൻ)**

# സ്നേഹ സ്മരണയ്ക്ക്

**4-ാം ചരമവാർഷികം 6-3-2026**



**പൈലി എസ്തപ്പാൻ**
**ചുണ്ടങ്ങായിൽ**


# സ്നേഹ സ്മരണയ്ക്ക്

**8-ാം ചരമവാർഷികം 5-3-2026**



**ജോർജ് മാത്യു**
**നെല്ലിപ്പിള്ളിൽ**

## വേർപാടിന്റെ ൩-ാം വർഷം
(01.03.2026)



**റീത്താമ്മ ജോസ്**
**കിഴക്കേൽ**

## വിവാഹ മംഗളാശംസകൾ.... 24.01.2026



**ഡോ. ജോർജ് ജോസഫ് നെടുന്തള്ളിൽ & ഡോ. ആഷ്‌ലിൻ ഫ്രാൻസി കണ്ണനായിക്കൽ**